മൂഷികവംശത്തിന്റെ ഉത്ഭവം

കേസരി ബാലകൃഷ്ണപിള്ള

മൂഷികവംശത്തിന്റെ ഉത്ഭവം

കേസരി ബാലകൃഷ്ണപിള്ള

(മലയാളം: ലേഖനം)

© 2020, Kesari Balakrishna Pillai

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Mahakuta group of temples, a photograph by Dineshkannambadi. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

മൂഷികവംശത്തിന്റെ ഉത്ഭവം

[illegible]

ട്ടിലെ പ്രാചീനൈതിഹ്യങ്ങളെ വിവരിക്കുന്ന ഗ്രാമപദ്ധതികളിൽ കദംബ രാജാക്കന്മാരുടെ കാലത്തിനുശേഷവും, ഹൊയ്സളന്മാരുടെ ആവിർഭാവത്തിനു മുമ്പും, അതായത് ഉദ്ദേശം എ.ഡി. 575-നും 1100-നും ഇടയ്ക്ക്, തുളുനാടിനെ ബങ്ങിക അരേഭികളും, മോനരാജവംശവും ഭരിച്ചിരുന്നു എന്നു പറയുന്നുണ്ട്. ഈ ബങ്ങി (വങ്ങി) അരേഭികൾ ആളുവരാജവംശവും, മോനവംശം മൂഷികവംശവുമാണ്. പ്രാചീനമൂഷികത്തിലെ പ്രസ്തുത മനിയോറ നദിയിൽ നിന്നാണ് കേരളത്തിലെ മൂഷികവംശത്തിന മോന, അഥവാ, മുനിയർ എന്ന പേരു ലഭിച്ചത്. കേരളോൽപ്പത്തിയിലെ തുളുവൻ പെരുമാൾ തുളുനാട്ടിലെ കോടീശ്വരത്തു നിന്നു നാടുവാണതും, പതിറ്റിപ്പത്തിലെ കളങ്കാറ്റ് കണ്ണിനാർമുടി ചേരലാതൻ എന്ന ചേരരാജാവു തുളുനാട് ആക്രമിച്ചതും, കേരളോൽപ്പത്തിയിലെ ഒടുവിലത്തെ ചേരമാൻ പെരുമാൾ തുളുനാട്ടു ഭരിക്കുവാൻ കവിസിംഹരേറുവിനെ നിയോഗിച്ചതും ഈ അവസരത്തിൽ സ്മരണീയമാണ്.



ശ്രാവണബെലഗോളയിലെ കർണാടകശിലാലേഖനം.

മൂഷികരാജ്യത്തിന്റെ തലസ്ഥാനമായി മൂഷികവംശകാവ്യം പറയുന്ന കോലപട്ടണത്തിന്റെ പേരുതന്നെ, മൂഷികവംശത്തിന്റെ ഉത്ഭവം ആന്ധ്രദേശം, അതായത് തെലുങ്കരുടെ നാട്, ആണെന്ന കാണിക്കുന്നുണ്ട്. ആന്ധ്രദേശക്കാർ തങ്ങളുടെ നാടിനെ തെലുഗുരാജ്യം, അഥവാ, തെലുങ്കുസീമ എന്നാണ വിളിക്കാറുള്ളതെങ്കിലും, തമിഴർ അതിനെ കൊങ്കേറ അറിസിമ, അതായതു കൊപ്പേറു രാജ്യം എന്നാണ പേരിട്ടിട്ടുള്ളത്. കൊപ്പേറു എന്നത് കൃഷ്ണാ ജില്ലയിലുള്ള, അതായതു പണ്ടത്തെ പ്രാച്യമൂഷികത്തിലുള്ള ഒരു വലിയ കായലിന്റെ പേരാണ്. 'കൊപ്പ്' എന്ന പദം കൊലന, അഥവാ, ഗോലന എന്ന തെലുങ്കപദത്തിന്റെ ഒരു രൂപഭേദമാകുന്നു. കോലന എന്ന പദത്തിന്റെ അർത്ഥം കായൽ എന്നും, ഏറു എന്നതിന്റെ അർത്ഥം നദി എന്നുമാണ്. 'കോലം' എന്ന പദം കോലന എന്ന തെലുങ്കപദത്തിന്റെ മലയാളരൂപം മാത്രമാണ്. വളവട്ടപ്പുഴയുടെ മുഖത്തിനു സമീപമുള്ള കായലിന്റെ വക്കത്തു സ്ഥാപിച്ചതുകൊണ്ടായിരിക്കും കോലപട്ടണത്തിന്ന് ആ പേരു ലഭിച്ചത്.

മാഹിഷ്മതി തലസ്ഥാനമായുള്ള ഹൈഹയരാജ്യം മൂഷികരാജാക്കന്മാരുടെ വകയായിരുന്നു എന്നും, മൂഷികവംശം സ്ഥാപിച്ച രാമഘട മൂഷികന്റെ രണ്ടുപുത്രന്മാരിൽ മൂത്തവനായ വടുവിനെ വടക്കുള്ള ഹൈഹയരാജ്യം ഭരിക്കുവാനും, ഇളയപുത്രനായ നന്ദനനെ കോലരാജ്യം അഥവാ മൂഷികരാജ്യം ഭരിക്കുവാനും രാമഘടൻ നിയോഗിച്ചു എന്നും മൂഷികവംശകാവ്യത്തിൽ പറഞ്ഞിട്ടുണ്ട്. കൃഷ്ണാജില്ലയിൽ ഗോദാവരിയുടെ മുഖത്തോടു സമീപിച്ചുള്ള പ്രദേശത്തെ മാഹിഷ്മതീപുരവരാധീശന്മാരായ കോനഹൈഹയരാജാക്കന്മാർ പണ്ടു ഭരിച്ചു വന്നിരുന്നു എന്നുള്ള സംഗതി ഇവിടെ സ്മരണീയമാണ്. ഇതും മൂഷികവംശത്തിന്റെ ഉൽപ്പത്തി സ്ഥാനം കൃഷ്ണാജില്ലയാണെന്ന കാണിക്കുന്നുണ്ട്. മൂഷികവംശത്തിൽ പ്രസ്താവിച്ചിട്ടുള്ള ഹൈഹയരാജ്യം തെക്കൻ കാനറജില്ലയുടെ ഉത്തരഭാഗവും വടക്കൻ കാനറ ജില്ലയുടെ ഗോകർണം വരെയുള്ള തെക്കൻഭാഗവും ഉൾപ്പെട്ടിരുന്ന ഹൈവെ, അഥവാ ഹൈഗ എന്ന രാജ്യമാകുന്നു. നർമദാ നദീതീരത്തുള്ള ഇന്നത്തെ മണ്ഡതാ എന്ന നഗരമാണ് അതിപ്രാചീന കാലത്തു മധ്യ ഇന്ത്യയിലുണ്ടായിരുന്ന ഹൈഹയരാജ്യത്തിന്റെ തലസ്ഥാനമായ പ്രസിദ്ധപ്പെട്ട മാഹിഷ്മതീനഗരം. മൂഷികവംശകാവ്യത്തിൽപ്പറഞ്ഞിട്ടുള്ള ഹൈഹയരാജ്യത്തിന്റെ തലസ്ഥാനമായ മാഹിഷ്മതി ഗോകർണമാണെന്നു തോന്നുന്നു. എ.ഡി. മൂന്നാം ശതാബ്ദത്തിൽ രചിച്ചതായി പണ്ഡിതന്മാർ പരിഗണിച്ചുവരുന്ന മാർക്കണ്ഡേയപുരാണങ്ങളിൽ പാശ്ചാത്യസമുദ്രതീരത്തുള്ള രാജ്യങ്ങളെ വിവരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന ശ്ലോകം കാണുന്നുണ്ട്:

"അപരാന്തികാ ഹൈയാശ്ച
ശാന്തികാ വിപ്രശസ്തകാഃ
കൊങ്കണാഃ പഞ്ചനദകാ
വാമനാഹ്യ വരാസ്തഥാ".

ഇതിൽ പറഞ്ഞിട്ടുള്ള ഹൈഹയമാണ് മൂഷികവംശകാവ്യത്തിലെ ഹൈഹയം. ഇതിലെ ശാന്തിക ആളുവവംശകാവ്യത്തിൽ നിന്ന മൂഷികരാജവംശം നർമദാതീരത്തിലെ സുപ്രസിദ്ധവും അതിപ്രാചീനവുമായ ഹൈഹയരാജവംശത്തിന്റെ ഒരു തെക്കൻശാഖയാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ പ്രാചീന ഹൈഹയവംശക്കാരിൽ ചിലർ അതിപ്രാചീനമായ ഒരു കാലത്തു നർമദാതീരത്തു നിന്ന തെക്കൻ ഒറിസ്സയിലും, അവിടെ നിന്ന കൃഷ്ണാനദീതീരത്തിലും, അവിടെ നിന്ന കേരളത്തിലും വന്ന രാജവംശങ്ങൾ സ്ഥാപിച്ചു എന്ന മുകളിൽ വിവരിച്ച സംഗതികൾ സൂചിപ്പിക്കുന്നു. കേരളത്തിൽ ഇങ്ങനെ വന്ന രാജ്യങ്ങൾ സ്ഥാപിച്ച ഹൈഹയന്മാരുടെ തെക്കേ അറ്റത്തുള്ള (അതായതു, തിരുവിതാംകൂറിലുള്ള) ശാഖയാണ് ടോളമി എന്ന പ്രാചീന യവന ഭൂമിശാസ്ത്രജ്ഞനും, തമിഴ് സംഘകാവ്യങ്ങളും ദക്ഷിണ തിരുവിതാംകൂറിൽ നിന്ന കണ്ടെടുത്തിട്ടുള്ള ചെപ്പേടുകളും ആയ് എന്ന പേരിട്ടിട്ടുള്ളത്. ഗ്രീക്കുഭാഷയിലും തമിഴിലും, 'ഹ' എന്ന അക്ഷരമില്ലായ്കയാൽ, 'ഹയ് ഹയ്', 'അയ് അയ'യായും, ഇതു ചുരുങ്ങി 'ആയ്' ആയും മാറുകയുണ്ടായി. എ.ഡി. 80-ന സമീപിച്ച ദക്ഷിണേന്ത്യയിൽ ഉണ്ടായിരുന്ന രാജ്യങ്ങളെ വിവരിക്കുന്ന പ്രാചീന യവനഗ്രന്ഥമായ പെരിപ്ലസ്സിൽ ആയ് രാജവംശത്തെപ്പറ്റി ഒന്നും പ്രസ്താവിച്ചിട്ടില്ല. എന്നാൽ എ.ഡി. 150-ന അല്പം മുമ്പുള്ള സ്ഥിതിയെ വിവരിക്കുന്ന ടോളമിയുടെ ഭൂമിശാസ്ത്രത്തിൽ ഇന്നത്തെ മധ്യതിരുവിതാംകൂറും ദക്ഷിണതിരുവിതാംകൂറും സ്ഥിതിചെയ്യുന്ന പ്രദേശത്തെ അന്ന് ആയ് രാജാക്കന്മാർ ഭരിച്ചിരുന്നു എന്ന പറഞ്ഞിരിക്കുന്നു. ഈ ആയ്‌രാജാക്കന്മാർ ഹൈഹയന്മാരും തന്മൂലം മൂഷികവംശത്തിന്റെ ഒരു ശാഖയുമാകയാൽ, എ.ഡി. 80-നും 150-നും ഇടയ്ക്കു കോലത്തുനാട്ടിലെ മൂഷികവംശം, അതിന്റെ ഒരു ശാഖ തിരുവിതാംകൂറിൽ സ്ഥാപിച്ചു എന്ന വിശ്വസിക്കാം. പെരിപ്ലസ്സിന്റെ കാലത്തു ഈ സ്ഥലം പാണ്ഡ്യരുടെ കൈവശം ഇരുന്നതിനാൽ, പാണ്ഡ്യരെ തോൽപ്പിച്ചാണ് മൂഷിക രാജാക്കന്മാർ ഈ സ്ഥലം കൈക്കലാക്കിയതെന്നും അനുമാനിക്കാം. ക്രിസ്ത്വബ്ദത്തിന്റെ പ്രാരംഭത്തിനു മുമ്പ് രചിച്ചിട്ടുള്ള പ്രസിദ്ധ ബുദ്ധമതഗ്രന്ഥമായ വിളി പ്രശ്നത്തിൽ കോലപട്ടണത്തെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നതിനാൽ, ക്രിസ്ത്വബ്ദത്തിനു കുറേമുമ്പു തന്നെ മൂഷികം സ്ഥാപിക്കപ്പെട്ടു എന്നും വിചാരിക്കേണ്ടിയിരിക്കുന്നു.



ദൊഡ്ഡഗദ്ദവല്ലിയിലെ ലക്ഷ്മി ദേവി ക്ഷേത്ര കർണാടകശിലാലേഖനം.

മുകളിൽ വിവരിച്ച പ്രകാരം വടക്കൻ മൂഷികരാജാക്കന്മാർ തിരുവിതാംകൂറിൽ ഒരു ശാഖ സ്ഥാപിച്ചതിനെ ആസ്പദിച്ചാണ് ആര്യപ്പെരുമാളുടെ കാലത്തിനു മുമ്പുള്ള പ്രാചീനകേരളത്തിന്റെ നാലുഖണ്ഡങ്ങളെ വിവരിക്കമ്പോൾ, കേരളോൽപ്പത്തിയുടെ ഒരു പാഠത്തിൽ കണ്ണേറ്റിക്കും കന്യാകുമാരിക്കും ഇടയ്ക്കുള്ള ഖണ്ഡത്തിന മൂഷികമെന്നും, മറ്റൊരു പാഠത്തിൽ പെരുമ്പുഴയ്ക്കും (ചന്ദ്രഗിരി നദിക്കും) പുതുപ്പട്ടണത്തിനും (കോട്ടപ്പുഴയുടെ മുഖം) ഇടയ്ക്കുള്ള കണ്ഡത്തിനും പിന്നെയും മൂഷികമെന്നും പരസ്പരവിരുദ്ധമെന്നു പ്രത്യക്ഷത്തിൽ തോന്നിക്കുമാറ് പേരിട്ടിരിക്കുന്നത്. ഈ തെക്കൻ മൂഷികമാണ് ബാലമൂഷികം. തമിഴ് സംഘകാവ്യമായ പുറനാന്നൂറിൽ വാട്ടാറ്റ് (അതായതു ദക്ഷിണതിരുവിതാംകൂറിലുള്ള തിരുവട്ടാറ്റ്) ഭരിച്ചിരുന്ന ഒരു രാജാവായ എഴിനി ആതനെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളത് ഇവിടെ സ്മരണീയമാണ്. 'എഴിനി' എന്ന ബിരുദം ഈ രാജാവു മൂഷികവംശത്തിൽപ്പെട്ടവനായിരുന്നു എന്ന സ്ഥാപിക്കുന്നുണ്ട്.

(1938 സെപ്തംബർ 4, 11, മാതൃഭൂമി ആഴ്ചപ്പതിപ്പ്)

□

കേസരി ബാലകൃഷ്ണപിള്ള

പാശ്ചാത്യ സാഹിത്യ ചിന്തകളുടെ ഊഷ്മള ചൈതന്യം മലയാള ഭാഷയിലേക്ക് ആവാഹിച്ച ഫ്യൂച്ചറിസ്റ്റ് ചിന്തകനും വിമർശകനും. പത്രപ്രവർത്തകൻ, നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനായിരുന്ന കേസരി എന്നറിയപ്പെടുന്ന കേസരി എ. ബാലകൃഷ്ണപിള്ള. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു.

1889-ൽ തമ്പാന്നൂരിലെ പുളിക്കൽ മേലേ വീട്ടിൽ ജനനം. പണ്ഡിതനും ഗ്രന്ഥകാരനുമായ ദാമോദരൻകർത്താവാണ് അച്ഛൻ. അമ്മ പാർവ്വതി അമ്മ. കുടിപ്പള്ളിക്കൂടത്തിലും കൊല്ലം ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. 1908-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ചരിത്രം ഐച്ഛികമായെടുത്ത് ബി. എ. ജയിച്ചു. ഗേൾസ് കോളേജിലും കൊല്ലം മഹാരാജാസ് കോളേജിലും ചരിത്രാദ്ധ്യാപകനായി ജോലി ചെയ്തു. സായാഹ്നക്ലാസിൽ പഠിച്ച് 1913-ൽ ബി. എൽ. ജയിച്ചു. 1917-ൽ ജോലി രാജി വെച്ച വക്കീലായി പ്രാക്ടീസ് തുടങ്ങി. 1922 വരെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീലായിരുന്നു.

പത്രപ്രവർത്തനം

1922 മെയ് 14-നു സമദർശിയുടെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് പ്രവേശിച്ചു. 1926 ജൂൺ 19-നു സമദർശിയുടെ പത്രാധിപത്യം രാജിവെച്ചു. സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനുള്ള പണം ശേഖരിക്കുന്നതിനായി തിരുവിതാംകൂറിലും, മലേഷ്യയിലും പര്യടനങ്ങൾ നടത്തി. 1930 ജൂൺ 4-നു പ്രബോധകൻ ശാരദാ പ്രസ്സിൽ നിന്നും അച്ചടി ആരംഭിച്ചു. 1930 സെപ്തംബർ 10-നു ലൈസൻസ് റദ്ദാക്കിയതുകൊണ്ട് പ്രബോധകൻ നിർത്തി. പിന്നീട് 1930 സെപ്തംബർ 18-നു തന്നെ കേസരി പത്രം പ്രസിദ്ധീകരണം ആരംഭിക്കുന്നു. 1931 ഫെബ്രുവരി 19-നു കോടതിയലക്ഷ്യത്തിന് 200 രൂപ പിഴ ചുമത്തുന്നു. 1935 ഏപ്രിൽ മാസത്തോടെ കേസരി പ്രസിദ്ധീകരിക്കാൻ കഴിയാതാവുകയും 1936-ൽ കടം താങ്ങാനാവാതെ ശാരദാ പ്രസ്സും ഉപകരണങ്ങളും വിൽക്കുകയും ചെയ്യുന്നു.

സാഹിത്യപ്രവർത്തനം

പാശ്ചാത്യ സാഹിത്യത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തത് കേസരിയാണ്. ലോകത്തെ വിപ്ലവകരമായി മാറ്റിമറിക്കുന്നതിന് പ്രയോഗിക്കേണ്ട ഒരായുധമായിട്ടാണ് അദ്ദേഹം സാഹിത്യത്തെ കണ്ടത്. വൈദേശിക സാഹിത്യപ്രസ്ഥാനങ്ങളെ മുൻ നിർത്തി മലയാളസാഹിത്യത്തെ വിലയിരുത്താനാണ് അദ്ദേഹം ഉദ്യമിച്ചത്. പ്രസ്ഥാന നിരൂപകൻ, സാങ്കേതിക നിരൂപകൻ, ചിത്രകലാ നിരൂപകൻ, എന്നൊക്കെയാണ് കേസരി വിശേഷിപ്പിക്കപ്പെടുന്നത്.

മലയാളം കൂടാതെ ഹീബ്രു, ലാറ്റിൻ, ഗ്രീക്ക് എന്നിവയും അസീറിയൻ, സുമേറിയൻ ഭാഷകളും ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ യൂറോപ്യൻ ഭാഷകളും സംസ്കൃതം, അറബി എന്നിവയും തമിഴ്, തെലുങ്ക്, കന്നട, ചൈനീസ് എന്നീ ഭാഷകളും അറിയാമായിരുന്നു.

കേസരി സദസ്

1930-കളിൽ ശാരദ പ്രസ്സിൽ ഒത്തു കൂടിയിരുന്ന എഴുത്തുകാരുടേയും രാഷ്ട്രീയ പ്രവർത്തകരുടേയും കൂട്ടായ്മയാണ് കേസരി സദസ്. തകഴി, പട്ടം താണുപിള്ള, എ. വി. കൃഷ്ണപിള്ള, കെ. എ. ദാമോദരൻ, എൻ. എൻ. ഇളയത്, ബോധേശ്വരൻ, സി. നാരായണപിള്ള തുടങ്ങിയവരായിരുന്നു കേസരി സദസിൽ ഒത്തു കൂടിയിരുന്നത്.

അവസാനകാലം

1942 സെപ്തംബർ 3-ന് തിരുവനന്തപുരത്തു നിന്നും വടക്കൻ പറവൂരിലേക്ക് താമസം മാറ്റി. 1960 ഡിസംബർ 18-ന് ആ മഹാമനീഷി ഈ ലോകത്തോടു വിടപറഞ്ഞു.

കൃതികൾ

പതിമൂന്നു വിവർത്തനങ്ങളുൾപ്പെടെ 41 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- കാമുകൻ (തർജ്ജമ)
- ലാർഡ് കിച്ചനർ
- പുരാതത്വ പ്രദീപം
- അലക്സാണ്ടർ മഹാൻ
- യൂളിസസ്സ് ഗ്രാന്റ്
- രണ്ട് സാഹസികയാത്രകൾ
- ഐതിഹ്യ ദീപിക
- വിക്രമാദിത്യൻ ത്രിഭുവന മല്ലൻ
- ഹർഷ വർദ്ധനൻ
- കാർമെൻ (തർജ്ജമ)
- നവലോകം
- പ്രേതങ്ങൾ
- രൂപമഞ്ജരി
- ഒരു സ്ത്രീയുടെ ജീവിതം
- ഓമനകൾ
- ആപ്പിൾ പൂമൊട്ട്
- നോവൽ പ്രസ്ഥാനങ്ങൾ
- മൂന്ന് ഹാസ്യ കഥകൾ
- മോപ്പസാങ്ങിന്റെ ചെറുകഥകൾ (തർജ്ജമ)
- സാഹിത്യ ഗവേഷണ മാല
- പ്രാചീന കേരള ചരിത്ര ഗവേഷണം
- സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ
- ഒമ്പത് പ്രഞ്ച കഥകൾ
- നാല് ഹാസ്യ കഥകൾ
- സാഹിത്യ വിമർശനങ്ങൾ
- ആദം ഉർബാസ്
- എട്ട് പാശ്ചാത്യ കഥകൾ
- കേസരിയുടെ മുഖ പ്രസംഗങ്ങൾ
- ചരിത്രത്തിന്റെ അടിവേരുകൾ
- കേസരിയുടെ സാഹിത്യ വിമർശനങ്ങൾ
- കേസരിയുടെ ലോകങ്ങൾ
- നവീന ചിത്ര കല
- ചരിത്ര പഠനങ്ങൾ
- Outline of Proto Historic Chronology of Western Asia
- കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ (നാലു വാള്യം)

ഡ്രോയിങ്: വി. ആർ. സന്തോഷ്.
(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറ്റ മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറ് മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരച്ചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്യ വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.